ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD

A statutory and autonomous body, Government of Kerala

L-14, Jai Nagar, Medical College (P.O), Thiruvananthapuram – 695 011
Tele fax: 0471-2448234 | Ph: 0471-2554740
E-mail: keralabiodiversity@gmail.com | Website: www.keralabiodiversity.org

നം. 3189/എ4/2015/കെ.എസ്.ബി.ബി. 16.12.2015

## പത്രക്കുറിപ്പ്

### ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

2015 വർഷത്തെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അപേക്ഷ ക്ഷണിക്കുന്നു.

മികച്ച ജൈവവൈവിധ്യ /പരിസ്ഥിതി സംരക്ഷകൻ, നാടൻ വിളയിനങ്ങളുടെ, വളർത്തുമൃഗയിനങ്ങളുടെ സംരക്ഷകൻ, പരമ്പരാഗത നാട്ടറിവുകളുടെ സംരക്ഷകൻ, ജൈവവൈവിധ്യം/ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വാർത്തകൾ/ ഫീച്ചറുകൾ പ്രസിദ്ധീകരിച്ച പത്രപ്രവർത്തകൻ (ഇംഗ്ലീഷ്, മലയാളം), ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട മികച്ച ടി.വി.റിപ്പോർട്ട്/ ഡോക്യുമെന്ററി, ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട മികച്ച ഗവേഷകൻ, മികച്ച ജൈവകർഷകൻ, മികച്ച ജൈവവൈവിധ്യ പരിപാലന സമിതി, മികച്ച ജൈവവൈവിധ്യ ക്ലബ്ബ്, മികച്ച ജൈവവൈവിധ്യ/ പരിസ്ഥിതി സംഘടന, ജൈവവൈവിധ്യ/ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന മികച്ച സ്കൂൾ, കോളേജ് എന്നിവയ്ക്ക് സംസ്ഥാന ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾ നൽകും. അപേക്ഷകളും അനുബന്ധരേഖകളും ജനുവരി 15-ാം തീയതിക്കുമുമ്പായി താഴെപ്പറയുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, എൽ-14 ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം - 695 011 (ഫോൺ നമ്പർ: 0471 - 2553135, 2554740) വിശദവിവരങ്ങളും അപേക്ഷയുടെ മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

വിശ്വസ്തതയോടെ,

ഡോ. കെ.പി.ലാലാദാസ്
മെമ്പർ സെക്രട്ടറി